**പതിമൂന്നാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5106

06.02.2014 - ൽ
മറുപടിയ്ക്ക്

## സ്ത്രീ സുരക്ഷയും വനിതാ പോലീസ് ശാക്തീകരണവും

**ചോദ്യം**

ശ്രീ. പി. എ. മാധവൻ
„ അൻവർ സാദത്ത്
„ സണ്ണി ജോസഫ്
„ എ. റ്റി. ജോർജ്

**ഉത്തരം**

**ശ്രീ. രമേശ് ചെന്നിത്തല**
(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)

(എ) സ്ത്രീ സുരക്ഷയും വനിതാ പോലീസ് ശാക്തീകരണവും സംബന്ധിച്ച് കേരളാ പോലീസ് ദേശീയ സെമിനാർ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(എ) 2014 ജനുവരി 17,18 തീയതികളിൽ തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ വച്ച് ദേശീയ സെമിനാർ സംഘടിപ്പിച്ചിരുന്നു. സംസ്ഥാന പ്ലാൻ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന 'ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെൻഡർ അവയർനസ്' എന്ന സ്കീമിന്റെ ഭാഗമായാണ് പ്രസ്തുത സെമിനാർ സംഘടിപ്പിച്ചത്. പ്രസ്തുത സെമിനാറിൽ 16 സംസ്ഥാനങ്ങളിൽ നിന്നായി 52 വനിതാ പോലീസ് ഉദ്യോഗസ്ഥരും കേരളത്തിൽ നിന്ന് 113 വനിതാ പോലീസ് ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു.

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) സ്തീകൾക്കെതിരെ കുറ്റകൃത്യങ്ങൾ തടയുന്നതിന് വനിതാ പോലീസിനെ ശക്തിപ്പെടുത്തുത, സ്ത്രീകളോടുള്ള അതിക്രമങ്ങൾക്കെതിരെ പോലീസ് ഉദ്യോഗസ്ഥർ, സാമൂഹ്യപ്രവർത്തകർ, മാധ്യമങ്ങൾ തുടങ്ങിയവർ ഉണർന്ന് പ്രവർത്തിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യത്തോടെയാണ് പ്രസ്തുത സെമിനാർ സംഘടിപ്പിച്ചത്.

(സി) എന്തെല്ലാം വിഷയങ്ങളാണ് സെമിനാറിൽ ചർച്ചയ്ക്ക് വന്നത്; വിശദമാക്കുമോ;

(സി)
- കേരളാ പോലീസിൽ സ്ത്രീകളുടെ എണ്ണം ആനുപാതികമായി വർദ്ധിപ്പിക്കുക.
- വനിതാ പോലീസുദ്യോഗസ്ഥരുടെ വിവിധ രംഗങ്ങളിലുള്ള വൈദഗ്ധ്യം മെച്ചപ്പെടുത്തുക.
- നിലവിലുള്ള യൂണിഫോം പരിഷ്ക്കരിക്കുക.
- പ്രൊമോഷൻ അവസരങ്ങൾ പരിശോധിക്കുക.

- വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം, നിയമനം എന്നിവയ്ക്ക് പ്രത്യേക മാനദണ്ഡം രൂപീകരിക്കുക.
- ബേബികെയർ സെന്റർ സ്ഥാപിക്കുക.
- സൗജന്യമായി വാർഷിക മെഡിക്കൽ ചെക്കപ്പ് ഏർപ്പെടുത്തുക.
- വിവിധ കമ്മിറ്റികളിൽ പ്രാതിനിധ്യം നൽകുക.
- പ്രത്യേക പരാതി നിവാരണ ഫോറം രൂപീകരിക്കൽ.
- ദേശീയതലത്തിൽ സെമിനാർ എല്ലാവർക്കും സംഘടിപ്പിക്കുക

എന്നീ വിഷയങ്ങളാണ് സെമിനാറിൽ ചർച്ച ചെയ്യപ്പെട്ടത്.

(ഡി) എന്തെല്ലാം തുടർ നടപടികളാണ് ഇതിന്റെ ഭാഗമായി സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) വിശദമായി പരിശോധിച്ച ശേഷം ഇതിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ